# പതിനാലാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3185 07.02.2018-ൽ മറുപടിയ്ക്ക്**

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കൊല്ലം ജില്ലയിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;<br><br>ബി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം മാർക്കറ്റുകളുടെ നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) & ബി) 2016-17 സാമ്പത്തിക വർഷത്തെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് എന്നീ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബ്ലൂ റെവല്യൂഷൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കൊല്ലം ജില്ലയിലെ കണ്ണനെല്ലൂർ ഫിഷ് മാർക്കറ്റിന്റെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ KIIFB യുടെ അംഗീകാരം ലഭിക്കുന്നതിനായി കൊല്ലം ജില്ലയിലെ 16 മാർക്കറ്റുകളുടെ (ഇടപ്പള്ളിക്കോട്ട, ശാസ്താംകോട്ട, കൊട്ടാരക്കര, നല്ലില, പനയം, കടപ്പാക്കട, അഞ്ചാലുമൂട്, തങ്കശ്ശേരി, മൂന്നാംകുറ്റി, കിഴക്കേകല്ലട, ചാത്തന്നൂർ, പാരിപ്പള്ളി, ചിതറ കിഴക്കുംഭാഗം, കടയ്ക്കൽ, പുനലൂർ, അഞ്ചൽ) പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു |
| സി) ഇവയിൽ ഏതെല്ലാം മാർക്കറ്റുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | സി) കരിക്കോട് മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച് 25% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**